(ബി) ഫൈനാൻസ് ആന്റ് അക്കൗണ്ടന്റ് ഓഫീസർക്ക് ദേവസ്വം അക്കൗണ്ട്സ് സംബന്ധിച്ച് ചുമതലയും ആഡിറ്റർമാർക്ക് മരാമത്ത് വിഭാഗം ആഡിറ്റിന്റെ ചുമതലയുമായിരുന്നു.

(സി-എഫ്) ഈ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

കൃഷ്ണനുണ്ണി കമ്മീഷൻ

51 (1608) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിൽ എന്തെല്ലാം കാര്യങ്ങൾ നടത്തണമെന്നാണ് കൃഷ്ണനുണ്ണി കമ്മീഷൻ നിർദ്ദേശിച്ചത് ;

(ബി) ഇതിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കി ;

(സി) ബാക്കി കാര്യങ്ങൾ നടപ്പാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഹൈക്കോടതി നിയോഗിച്ച കൃഷ്ണനുണ്ണി കമ്മീഷന്റെ റിപ്പോർട്ടിന്മേൽ കോടതി പുറപ്പെടുവിച്ച വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും കേസ്സിനെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ അഭിപ്രായം പറയുന്നത് ശരിയല്ലെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങളുടെ പേരിലുള്ള വിജിലൻസ് കേസ്

52 (1609) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിക്കപ്പെട്ടിട്ടുള്ള ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങളുടെ പേരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ദേവസ്വം ഭരണസമിതി അംഗങ്ങളിൽ ആരുടെയെല്ലാം പേരിലാണ് അന്വേഷണം നടത്തുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ ദേവസ്വത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ തഴിമതി ആരോപണം ഉണ്ടാകുകയും ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി എടുത്തുവെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുൻ ഭരണസമിതിക്കെതിരെയുള്ള വിജിലൻസ് എൻക്വയറി റിപ്പോർട്ട്, വിജിലൻസ് ഡയറക്ടറുടെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടും നിർദ്ദേശങ്ങളും കമ്മിറ്റി പഠിച്ചു വരുന്നതായി ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഭരണസമിതി അംഗങ്ങളിൽ ആരുടെ പേരിലും അന്വേഷണം നടത്തുന്നില്ല.

(സി&ഡി) ഹൈക്കോടതിയിൽ നിന്ന് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാരുടെ ശമ്പളം

53 (1610) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാർ ഭാഗത്തുള്ള സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന ശമ്പളം എത്രയാണ് ; അവർക്ക് ശമ്പള സ്കെയിൽ നിലവിലുണ്ടോ ;

(ബി) അവരുടെ ശമ്പള പരിഷ്ക്കരണത്തെയോ ശമ്പള വർദ്ധനവിനെയോ സംബന്ധിച്ച് ഹൈക്കോടതിയുടെ വിധിയുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) ഉത്തരവ് എത്ര കാലത്തിനുള്ളിൽ നടപ്പാക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത് ;

(ഡി) ഈ നിർദ്ദേശം നടപ്പാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാർക്ക് സർക്കാർ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല.

(ബി-ഡി) സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെകുറിച്ച് കോടതി ഉത്തരവിൽ ഒന്നും പറഞ്ഞിട്ടില്ല. ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ വരുന്നതും അല്ലാത്തതുമായ പൊതു ക്ഷേത്രങ്ങളുടെ കാര്യമാണ് കോടതി വിധിയിൽ പരാമർശിച്ചിട്ടുള്ളത്.

ശ്രീവരാഹം ക്ഷേത്രവിശ്വാസികളോടുള്ള പക്ഷപാതപരമായ സമീപനം

54 (1611) ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly